(ഡി) പ്രകൃതി ദുരന്തത്തിലൂടെയുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ&ബി) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനങ്ങൾ ഇന്ന് നിലവിലില്ല. എങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ ഇതിന് സാധ്യതയുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തിയ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവചനം ഇന്നത്തെ ശാസ്ത്ര പുരോഗതിക്കനുസരിച്ച് സാധ്യമല്ലെങ്കിൽ പോലും അതിനായുള്ള പഠനങ്ങൾ നടന്നുവരുന്നുണ്ട്.

(ഡി) ഭൂചലന, ഉരുൾപൊട്ടൽ, കടലാക്രമണ മേഖലകളിൽ ഭൂതല പഠനകേന്ദ്രം പ്രാദേശികാടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടി നടത്തിവരുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധി

10 (*9) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസനിധിയിലേയ്ക്ക് എന്തു തുക ഇതുവരെ പിരിഞ്ഞുകിട്ടിയെന്ന് പറയുമോ ;

(ബി) 5-2-2001 വരെ ഈ നിധിയിലേയ്ക്ക് പിരിഞ്ഞുകിട്ടിയ തുക എത്രയാണ് ;

(സി) ഈ നിധിയിലേയ്ക്ക് ഒട്ടാകെ പിരിഞ്ഞുകിട്ടിയതിൽ എന്തു തുക ഗുജറാത്ത് ഗവൺമെന്റിന് കൈമാറി ;

(ഡി) സംസ്ഥാന സർക്കാർ ഗുജറാത്ത് ഭൂകമ്പ ബാധിതർക്ക് എന്തു തുകയുടെ സഹായം നൽകാമെന്നാണ് പ്രഖ്യാപിച്ചത് ; അതിൽ ഇതുവരെ എന്തു തുക നൽകി ;

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പിരിഞ്ഞു കിട്ടിയതും ഗവൺമെന്റ് ഭൂകമ്പ ബാധിതർക്ക് നൽകുമെന്ന് പ്രഖ്യാപിച്ചതും ഉൾപ്പെടെ എന്തു തുക സംസ്ഥാനത്തു നിന്നും ഗുജറാത്ത് സർക്കാരിന് കൈമാറി ;

(എഫ്) ഇതിലേക്ക് എന്തെല്ലാം സാധന സാമഗ്രികൾ സർക്കാരിന് കിട്ടി ; ഇവ ഗുജറാത്ത് സർക്കാരിന് കൈമാറിയതെന്നാണ് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഗുജറാത്ത് ഭൂകമ്പബാധിതരെ സഹായിക്കുവാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കിട്ടിയ തുകയിൽ നിന്ന് എന്തു തുക വീതം മറ്റേതെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവായി ;

(എച്ച്) ഈയിനത്തിൽ പിരിഞ്ഞു കിട്ടിയ തുക, സാധന സാമഗ്രികൾ എന്നിവയിൽ എന്തു വീതം ബാക്കിയുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേയ്ക്ക് 12-2-2001 വരെ 2,81,28,501 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ബി) 5-2-2001 വരെ 2,37,01,105 രൂപയാണ് പിരിഞ്ഞുകിട്ടിയത്.

(സി) തുക ഗുജറാത്ത് ഗവൺമെന്റിന് കൈമാറിയിട്ടില്ല. എന്നാൽ ഈ നിധിയിൽ നിന്ന് കേരള ഗവൺമെന്റ് 25 ലക്ഷം രൂപയ്ക്കുള്ള കമ്പിളികളും ടെന്റുകളും വാങ്ങി ന്യൂഡൽഹിയിലെ ഗുജറാത്ത് റസിഡന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ രണ്ടു കോടി രൂപയുടെ സഹായമാണ് പ്രഖ്യാപിച്ചത്. ഈ തുക നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ഇ) ഗുജറാത്ത് സർക്കാരിന് നേരിട്ട് തുക കൈമാറിയിട്ടില്ല. ദുരിതബാധിതർക്ക് 25 ലക്ഷം രൂപയുടെ കമ്പിളിയും ടെന്റുപകരണങ്ങളും നൽകയിട്ടുണ്ട്.

(എഫ്) അനുബന്ധം-1(a) ആയി ചേർത്തിട്ടുണ്ട്.†

(ജി) അനുബന്ധം-1(b) ആയി ചേർത്തിട്ടുണ്ട്.†

(എച്ച്) 12-2-2001-ൽ 2,55,99,714 രൂപ ബാക്കിയുണ്ട്. സാധനസാമഗ്രികൾ കിട്ടുന്ന മുറയ്ക്ക് ഗുജറാത്തിലേക്ക് അയച്ചുകൊണ്ടിരിക്കുകയാണ്.

ആരോഗ്യമേഖലയിൽ പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

11 (*10) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത പോളിയോ വൈറസുകൾ വീണ്ടും കണ്ടെത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† അനുബന്ധം - I(a&b)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (a)

[19-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 10 (*9)-ന്റെ ഉത്തരം ദയവായി കാണുക]

ജില്ല	മരുന്ന്	വസ്ത്രങ്ങൾ	റിമാർക്ക്സ്
തിരുവനന്തപുരം	6 പാക്കറ്റ്	45 പാക്കറ്റ് (പഴയത്)	അയച്ചുകൊടുത്തിട്ടുണ്ട്
കൊല്ലം	ഇല്ല	6 പാക്കറ്റ്	കൈമാറുവാൻ നടപടി സ്വീകരിച്ചുവരുന്നു
പത്തനംതിട്ട	1 പാക്കറ്റ്	6 പാക്കറ്റ്	കൈമാറുവാൻ നടപടി സ്വീകരിച്ചുവരുന്നു
ആലപ്പുഴ	ഇല്ല	ഉണ്ട് (തിട്ടപ്പെടുത്തിയിട്ടിയില്ല)	കൈമാറാൻ നടപടി എടുത്തുവരുന്നു
എറണാകുളം	വിവിധ താലൂക്കുകളിൽ നിന്ന് ശേഖരിച്ചുവരുന്നു	വിവിധതാലൂക്കുകളിൽനിന്ന് ശേഖരിച്ചുവരുന്നു	ശേഖരിക്കുന്ന മുറയ്ക്ക് കൈമാറുന്നതാണ്
കോട്ടയം	ഇല്ല	ഇല്ല	...
ഇടുക്കി	ഇല്ല	ഇല്ല	...
തൃശൂർ	14 പെട്ടി	2 ടെംബോവാൻ തുണി	ഗുജറാത്തിലേക്ക് അയച്ചുകൊടുത്തു
	22 പെട്ടി	110 കെട്ട് തുണി	കൈമാറിയിട്ടില്ല
പാലക്കാട്	4 കാർട്ടൻ	92 കാർട്ടൻ 1 ലോഡ് വസ്ത്രം	അയച്ചുകൊടുത്തു
മലപ്പുറം	10 പെട്ടി	4 പെട്ടി + 1 പെട്ടി കമ്പിളി	കൈമാറാൻ നടപടി സ്വീകരിച്ചുവരുന്നു
കോഴിക്കോട്	8 പെട്ടി	74 പെട്ടി	കൈമാറി
വയനാട്	6 പെട്ടി	5 കെട്ട്	അയയ്ക്കാൻ നടപടി സ്വീകരിച്ചുവരുന്നു
കണ്ണൂർ	ഇല്ല	ഇല്ല	...
കാസർഗോഡ്	10 കി. ഗ്രാം	25 കി.ഗ്രാം	അയച്ചുകൊടുത്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (b)

[19-2-2001-ലെ ചോദ്യം നമ്പർ 10 (*9)-ന്റെ ഉത്തരം ദയവായി കാണുക]

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് മറ്റാവശ്യങ്ങൾക്ക് ചെലവായ തുക

തിരുവനന്തപുരം	16,000 രൂപ	ഗുജറാത്തിൽ നിന്ന് പ്രത്യേക തീവണ്ടിമാർഗ്ഗം എത്തിയവർക്കു വേണ്ടി ഭക്ഷണം, പോക്കറ്റുമണി, യാത്രാചെലവ് ഇനത്തിൽ
കൊല്ലം	3,000 രൂപ	,,
പത്തനംതിട്ട	ഇല്ല	
ആലപ്പുഴ	ഇല്ല	
കോട്ടയം	2,914 രൂപ	,,
എറണാകുളം	ഇല്ല	
തൃശൂർ	6,923 രൂപ	,,
പാലക്കാട്	ഇല്ല	
ഇടുക്കി	ഇല്ല	
വയനാട്	ഇല്ല	
മലപ്പുറം	ഇല്ല	
കോഴിക്കോട്	850 രൂപ	മരുന്ന്, വസ്ത്രം, എന്നിവ അയച്ചു കൊടുത്തവകയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്
കണ്ണൂർ	ഇല്ല	
കാസർഗോഡ്	ഇല്ല	

LIBRARY ARCHIVES Kerala Legislative Assembly